**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4659 28/06/2013-ൽ മറുപടിയ്ക്ക്

## കേര കർഷകരുടെ ക്ഷേമത്തിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേര കർഷകരുടെ ക്ഷേമത്തിനായി കൈക്കൊണ്ടു വരുന്ന നടപടികൾ വിശദമാക്കുമോ; | എ) നാളികേര കർഷകരുടെ ക്ഷേമത്തിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. |

**1. സംസ്ഥാന നാളികേര വികസന പദ്ധതി:-**

2013-14 വർഷത്തിൽ 7 ജില്ലകളിലായി 545 ക്ലസ്റ്ററുകളിലൂടെ 13631 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നു.

2012-13 ൽ ഒന്നാം വർഷ പരിചരണ മുറ നടപ്പിലാക്കിയ 19600 ഹെക്ടറിൽ രണ്ടാം വർഷ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതാണ്. ഇവക്കായി 4169.025 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞു. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് തുടങ്ങിയ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**2. തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി:-**

നാളികേര വികസന ബോർഡ് കൃഷി വകുപ്പുമായി സംയോജിച്ച് നടത്തുന്ന പദ്ധതിയാണിത്. 2009-10 ൽ ഒന്നാം ഘട്ട പ്രവർത്തനങ്ങളും മൂന്നാംഘട്ട പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ മൂന്നു ജില്ലകളിലായി ഇതുവരെ 16.53 ലക്ഷം എണ്ണം രോഗം ബാധിച്ചതും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുകയും 137817 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി പുനരുദ്ധാരണം നടത്തുകയും 3.29 ലക്ഷം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുകയും ചെയ്തു. ഇവയ്ക്കായി 13886.40 ലക്ഷം രൂപ ചിലവഴിച്ചു.

**3. നാളികേര ഇൻഷ്വറൻസ് പദ്ധതി:-**

നാളികേര ഇൻഷ്വറൻസ് പദ്ധതി പ്രകാരം രോഗം വന്നും, ഇടിമിന്നൽ മൂലവും തെങ്ങ് നശിക്കുകയാണെങ്കിൽ 15 വർഷം വരെ പ്രായമായ തെങ്ങുകൾക്ക് 600 രൂപയും, 16 മുതൽ 60 വർഷം വരെ പ്രായമുളള തെങ്ങുകൾക്ക് 1150 രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ നാല് ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കി വരുന്നു. കായ്ച്ചു തുടങ്ങുന്നത് മുതൽ 15 വർഷം വരെ പ്രായമായ തെങ്ങൊന്നിന് വാർഷിക പ്രീമിയമായി 1.06 രൂപയും 16 മുതൽ 60 വർഷം പ്രായമായ തെങ്ങുകൾക്ക് 1.45 രൂപയും പ്രീമിയം അടയ്ക്കണം. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇടിമിന്നൽ മൂലം നശിക്കുന്ന തെങ്ങുകൾക്ക് തെങ്ങൊന്നിന് 1,000/- രൂപ നഷ്ടപരിഹാരം ലഭിക്കുന്നു. കൃഷിക്കാർ അടയ്ക്കേണ്ട പ്രീമിയം തെങ്ങൊന്നിന് ഒരു വർഷത്തേക്ക് രണ്ടു രൂപയും, മൂന്നു വർഷത്തേക്ക് ഒരുമിച്ച് അടച്ചാൽ 5 രൂപയുമാണ്.

**4. കൊപ്രാ സംഭരണം:-**

നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുളള കൊപ്രാ സംഭരണം നടപ്പിലാക്കി വരുന്നു. 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുളള താങ്ങുവിലയായ മില്ലിംഗ് കൊപ്രായ്ക്ക് ക്വിന്റലിന് 5,100/- രൂപ നിരക്കിലും, ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5,350/-രൂപ നിരക്കിലും നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും മുഖേന സംഭരണം നടത്തുന്നു. 2013 സീസണിലെ കേന്ദ്രസർക്കാർ കൊപ്രക്ക് പ്രഖ്യാപിച്ചിട്ടുളള താങ്ങുവിലയായ ക്വിന്റലിന് 5,500/- രൂപ നിരക്കിൽ സംഭരണം നടത്തുന്നതിന് നാഫെഡ്, കേരഫെഡ് എന്നിവരെ ചുമതലപ്പെടുത്തി. കേന്ദ്ര സർക്കാർ പച്ചനാളികേര സംഭരണത്തിന് പ്രഖ്യപിച്ചിട്ടുളള താങ്ങുവില ക്വിന്റലിന് 1,425/- രൂപയാണ്.

നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിന് 2013 ജനുവരി മുതൽ കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങ കിലോക്ക് 16 രൂപ നിരക്കിൽ സംഭരണം നടത്തിവരുന്നു. 270 കൃഷി ഭവനിലൂടെ 25347.8 ടൺ പച്ചത്തേങ്ങ സംഭരിച്ചു.

**5. കോക്കനട്ട് ബയോപാർക്ക്:-**

നാളികേര ഉല്പന്ന വൈവിധ്യ വൽക്കരണവും, മൂല്യവർദ്ധനവും ലക്ഷ്യമാക്കി, കൊല്ലം, കണ്ണൂർ,

തൃശ്ശൂർ എന്നീ ജില്ലകളിൽ മൂന്ന് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയിൽ കേര കർഷകർക്ക് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങാൻ അവസരങ്ങൾ ഒരുക്കുകയും അവർക്കു വിപണി കണ്ടുപിടിക്കുന്നതിന് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

(ബി) കേരളത്തിൽ നിന്നും ഒരു ദിവസം എത്ര ടണ്ണോളം തേങ്ങ അന്യ സംസ്ഥാനത്തേക്ക് കൊണ്ടു പോകുന്നു എന്ന് വ്യക്തമാക്കുമോ;

ബി) നാളികേര കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രാ സംഭരണവും സംസ്ഥാന സർക്കാർ കൃഷി ഭവനുകളിലൂടെ നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാൽ കേരളത്തിൽ നിന്നും തേങ്ങ അന്യ സംസ്ഥാനത്തേക്ക് കൊണ്ടുപോകുന്നതിനുള്ള സാധ്യത കുറവാണ്.

(സി) സംസ്ഥാനത്ത് എത്ര കേരകർഷ കരും നാളികേര കൂട്ടങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

സി) സംസ്ഥാനത്ത് ഏകദേശം 42 ലക്ഷം കേര കർഷകരുണ്ട്. 21.06.2013 വരെ 2325 നാളികേര ഉല്പാദക സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി കൈക്കൊണ്ടു വരുന്ന നടപടികൾ വിശദമാക്കുമോ?

ഡി) തെങ്ങ് കയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് കേര സുരക്ഷ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി വരുന്നു. "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" പരിപാടിയിൻ കീഴിൽ തെങ്ങ് കയറുന്നതിനുള്ള പരിശീലനവും നാളികേര വികസന ബോർഡ് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ